ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന കരിങ്കൽ തൊഴിലാളികൾക്ക് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് ബന്ധപ്പെട്ട വർക്ക്മെൻസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

(15) ചീക്കോട്, കീഴ്പ്പറമ്പ്, മഞ്ചേരി, അർബൻ വാട്ടർ സപ്ലൈ സ്കീമുകളുടെ പണി

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിൽ എൽ.ഐ.സി.യുടേയും വിവിധ സാമ്പത്തിക ഏജൻസികളുടെയും സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ കമ്മിഷൻ ചെയ്യാത്തതുകൊണ്ട് ആ നിയോജക മണ്ഡലത്തിലെ ജനങ്ങൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്താണ് ചീക്കോട് പഞ്ചായത്ത്. അവിടത്തെ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം യാതൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. കിണറ്റിന്റേയും അതു പോലെ ടാങ്ക് നിർമ്മിക്കാനും പൈപ്പ് ഇടാനുമുള്ള പ്രവർത്തനങ്ങൾ യാതൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രസ്തുത പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കീഴ്പറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം 90 ശതമാനം പൂർത്തിയായിട്ടുണ്ട്. എങ്കിലും പൈപ്പിന്റെ ലഭ്യതക്കുറവുമൂലം ജലവിതരണം നടത്താൻ സാധിച്ചിട്ടില്ല. അതിനാവശ്യമായ പൈപ്പ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മഞ്ചേരി അർബൻ വാട്ടർസപ്ലൈ സ്കീമിന്റെ പണി 80 ശതമാനം പൂർത്തിയായിട്ടുണ്ടെങ്കിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലെ എല്ലാ പ്രദേശത്തും അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എല്ലാ ജനങ്ങൾക്കും അതിന്റെ ഗുണം ലഭിക്കുന്നതിനുള്ള പ്രവർത്തനത്തിന് നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എൽ.ഐ.സി.യുടെ സഹായത്തോടുകൂടി ചീക്കോട് മുതുവല്ലൂർ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതിക്കാവശ്യമായ കിണറിന്റേയും പമ്പ്ഹൗസിന്റേയും പണിയും ശുദ്ധീകരണശാലയുടെ പണിയും റീടെൻഡർ ചെയ്തുകഴിഞ്ഞു ചാലിയാർപുഴ സ്രോതസ്സായിട്ടുള്ള ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പ് പ്രക്രിയ മിക്കവാറും പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിനിന്റേയും ഗ്രാവിറ്റി മെയിനിന്റേയും പണികൾ നടന്നുവരുന്നു. വിതരണശൃംഖലയ്ക്കുവേണ്ടിയുള്ള പൈപ്പുകളുടെ ടെൻഡർ സർക്കാരിന്റെ പരിഗണനയിലാണ്. 2001 ഡിസംബറിൽ ഈ പദ്ധതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 1996-ൽ ആരംഭിച്ച കീഴ്പറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, ഗ്യാലറി, പമ്പിംഗ് മെയിൻ പമ്പ്ഹൗസ് എന്നിവ പൂർത്തിയായി. പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ടാങ്കിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിലെ തർക്കം കാരണം ടാങ്കിന്റെ രൂപകല്പന മാറ്റേണ്ടിവന്നു. ഇപ്പോൾ ടാങ്കിന്റെ ജോലി ധൃതഗതിയിൽ നടന്നുവരുന്നു. 2000 ഏപ്രിൽ 15-നകം പണി പൂർത്തിയാകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണ ശൃംഖലയ്ക്ക് ആവശ്യമായ പൈപ്പുകൾ വാങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് ലഭിക്കുന്ന മുറയ്ക്ക് വിതരണ പൈപ്പുകൾ സ്ഥാപിച്ച് 2000 ഡിസംബറിൽ തന്നെ പദ്ധതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ ശുദ്ധജല വിതരണം നടത്താൻ എൽ. ഐ.സി.യുടെ സഹായത്തോടുകൂടി 1982-ൽ ആരംഭിച്ച മഞ്ചേരി ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ട്. ചാലിയാർ പുഴയിൽ അഴിക്കോടുനിന്നും പമ്പ് ചെയ്ത് ശുദ്ധീകരണശാലയിൽ എത്തുന്ന ജലം 13.6 കിലോമീറ്റർ ദൂരം പ്രിമോ പൈപ്പ് ലൈനിൽക്കൂടിയാണ് മഞ്ചേരിയിലുള്ള സമ്പിൽ എത്തുന്നത്. അവിടെനിന്ന് ഇരുപത്തിയഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കുവഴിയാണ് മുനിസിപ്പാലിറ്റിയിൽ ജലം വിതരണം നടത്തുന്നത്. പ്രിമോ പൈപ്പിന്റെ ജോയിന്റുകളിൽ ലീക്കുള്ളതുകാരണം വേണ്ടത്ര വെള്ളം ചിരണിയിൽ എത്തുന്നില്ല. ഇതിലെ ആയിരത്തോളം ജോയിന്റുകൾ നന്നാക്കിയതിനാൽ 5 എം.എൽ.ഡി. വെള്ളം മഞ്ചേരിയിൽ വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. എൻ.എസ്.എസ്. കോളേജിന്റെ അടുത്തുള്ള രണ്ട് ടാങ്കുകൾ ജലവിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആകെയുള്ള 101 കിലോമീറ്ററിൽ 76 കിലോമീറ്റർ വിതരണ ശൃംഖലവഴിയും നിലവിലുള്ള മഞ്ചേരി ഗ്രാമീണ പദ്ധതിയുടെ വിതരണ ശൃംഖല വഴിയും ദിവസവും ജല വിതരണം നടത്തുന്നുണ്ട്. പാണ്ടിക്കാട് റോഡിലുള്ള 26 കിലോമീറ്റർ വിതരണ ശൃംഖലയിലൂടെ മാത്രമാണ് ഇന്ന് ജലവിതരണം നടത്താനുള്ളത്. ഈ ജോലികളെല്ലാം പൂർത്തിയാക്കി 2000 മേയ് മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(16) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോച്യാവസ്ഥ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ 71 ഷെഡ്യൂളുകളാണ് അവിടെയുള്ളത്. പ്രതിദിനം 9 ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാറുണ്ട്. ആവശ്യത്തിന് ബസ്സുകളില്ലാത്തതും കൂടുതലായി 20 കണ്ടക്ടർമാർ ഇന്ന് ഇവിടെ ആവശ്യമുണ്ട് എന്നുള്ളതുകൊണ്ടുമാണ് അവിടെ ക്യാൻസലേഷൻ നടക്കുന്നത്; അല്ലാതെ സർവ്വീസുകൾ നഷ്ടത്തിലോടുന്നു എന്നുള്ളതുകൊണ്ടല്ല. അവിടെ ആവശ്യത്തിന് ടയറുകളില്ല. ടയറുകൾ ഉടൻ ലഭ്യമാക്കണം. ഒന്ന് രണ്ട് ബസ്സുകൾ അവിടെ അനുവദിച്ചുവെങ്കിലും അവ പഴയതാണ്. പുതിയ ഒരൊറ്റ ബസ് പോലും അവിടെ തന്നിട്ടില്ല. യാർഡ് മെറ്റലിളകി താറുമാറായി കിടക്കുന്നതുകാരണം ബസ്സുകൾ കയറിയിറങ്ങുമ്പോൾ ചല്ലി യാത്രക്കാരുടെ ദേഹത്ത് അടിച്ച് തെറിച്ച് പരിക്കുകളേൽക്കാറുണ്ട്. അതുകൊണ്ട് യാർഡ് ടാർ ചെയ്യണം. അവിടെ ഒരു വേപ്പർ ലാമ്പ് നൽകാനുള്ള നടപടി സ്വീകരിക്കണം. ചുറ്റുമതിലിന്റെ കുറച്ചുഭാഗം ഇടിഞ്ഞുപോയതുകൊണ്ട് സാമൂഹ്യവിരുദ്ധർക്ക് അവിടെ കയറി അഴിഞ്ഞാടാനും ബസ്സുകളിൽനിന്നും ഡീസൽ ഊറ്റിക്കൊണ്ടുപോകാനും സാദ്ധ്യതയുണ്ടാകുന്നു. അതുകൊണ്ട് അതിന് പരിഹാരമുണ്ടാക്കണം. രണ്ടു ചെറിയ ഷെഡ്ഡുകൾ അവിടെയുള്ളത് ഉപയോഗശൂന്യമാണ്. അവ എത്രയും പെട്ടെന്ന് പൊളിച്ചുമാറ്റി വരുന്ന ബസ്സുകൾക്ക് യാർഡിന്റെ അകത്തേയ്ക്ക് പ്രവേശിക്കാനും പുറത്തേയ്ക്ക് പോകാനുമുള്ള വഴി ഒരുക്കിക്കൊടുക്കണം. അവിടെ ഓഫീസ് സൗകര്യങ്ങൾ വളരെ പരിമിതമായതുകൊണ്ട് ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നുണ്ട്. അതും തീരെ അപര്യാപ്തമാണ്. കൂടുതൽ മുറികൾ പണിയാൻവേണ്ടി ടെണ്ടർ ചെയ്തിട്ടുണ്ട്. അതിന്റേയും പ്രവർത്തനം പെട്ടെന്ന് ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. സി.കെ. നാണു)</u> : സർ, 1981 ഫെബ്രുവരി മാസം 11-ാം തീയതി ഒരു ഓപ്പറേറ്റിംഗ് സെന്ററായി പ്രവർത്തനമാരംഭിച്ച കിളിമാനൂരിലെ യൂണിറ്റ് 1987 ഏപ്രിൽ 27-ന് ഒരു സബ് ഡിപ്പോ

LIBRARY ARCHIVES Kerala Legislative Assembly